# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മംഗലപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP11/1017 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗലപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP11/1017 /2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർരാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആര്യാകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മധുസൂദനൻ നായർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി സുമ വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ജി.എൻ.ഹരികുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അലക്സ് സജി ജി എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ മിനി പി മണി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ രഞ്ജിനി ആർ യു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ പ്രിൻസി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി ലീജ ജെ ആർ | വി ഇ ഒ 2 | 09-07-2020 | 31-03-2021 |
| ശ്രീമതി ബിന്ദുകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.കെ.വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയശ്രീ ഐ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി രേണുക എം എൽ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.സുഹാസ് ലാൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.സുമേഷ് എം എസ് | വി ഇ ഒ 1 | 01-04-2020 | 09-11-2020 |
| ശ്രീ.ബിനു പ്രസാദ് | വി ഇ ഒ 1 | 10-11-2020 | 07-01-2021 |
| ശ്രീ.സുമേഷ് എം എസ് | വി ഇ ഒ 1 | 08-01-2021 | 24-02-2021 |
| ശ്രീമതി സീന എസ് | വി ഇ ഒ 1 | 25-02-2021 | 31-03-2021 |
| ശ്രീ.സമീർ ആർ എസ് | വി ഇ ഒ 2 | 01-04-2020 | 08-07-2020 |
| ശ്രീമതി ലീജ ജെ ആർ | വി ഇ ഒ 2 | 09-07-2020 | 31-03-2021 |
| ഡോ . സജ്ന എസ് ജെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anwar Raj.M (Senior Grade Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-2-1 |
| 4 | ഐ എൽ ജി എം എസ്- സാംഖ്യ തമ്മിലുള്ള വ്യത്യാസം<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-5 |
| 8 | ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-5-1 |
| 9 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 17-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-9 |
| 13 | രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ അപാകത<br>Written By: Anwar Raj.M (Senior Grade Auditor, On 17-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-10 |
| 14 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-11 |
| 15 | വസ്തുനികുതി- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-12 |
| 16 | മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു<br>Written By: Anwar Raj.M (Senior Grade Auditor, On 17-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-13 |
| 17 | പത്താം തരം ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഫീസ് - ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-14 |

| | | |
|---|---|---|
| | Written By: Anwar Raj.M (Senior Grade Auditor, On 17-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | |
| 18 | പാലിയേറ്റീവ് കെയർ (2020-'21) - മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം കാലം വേണ്ടി വരുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 18-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-15 |
| 19 | ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം കാലം വേണ്ടി വരുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 17-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-16 |
| 20 | വൃദ്ധജന പരിപാലന പ്രോജക്ട് - കരാർ ലംഘനം<br>Written By: Anwar Raj.M (Senior Grade Auditor, On 17-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-17 |
| 21 | ലൈഫ് ഭവന പദ്ധതി- നിർവ്വഹണത്തിലെ അപാകത- 53000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-18 |
| 22 | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്- 15400/- രൂപയുടെ ചെലവ് തടസ്സ്പ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-19 |
| 23 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lathakumari M (Audit Officer, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-20 |
| 24 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കരാർ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണം<br>Written By: Lathakumari M (Audit Officer, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-21 |
| 25 | ടി.ഡി.എസ് ഈടാക്കി -അടവാക്കിയില്ല<br>Written By: Lathakumari M (Audit Officer, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-22 |
| 26 | വെള്ളക്കരം-ബില്ലുകളിലെ പൊരുത്തക്കേട് പരിഹരിക്കണം<br>Written By: Lathakumari M (Audit Officer, On 18-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-23 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 875000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Arya Krishnan A.R (Auditor, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-24 |
| 28 | MLAഫണ്ടിൽ നിന്ന് അനുവദിച്ച കിട്ടിയ ആംബുലൻസ്,അസറ്റ രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 18-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-25 |
| 29 | ഭവനപുനരുദ്ധാരണം- അപാകത പരിഹരിക്കേണ്ടതുണ്ട്<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-26 |
| 30 | ജലജീവൻ കുടിവെള്ള പദ്ധതി- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-27 |

| | | |
|---|---|---|
| 31 | കിണർ റീചാർജിംഗ്- ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-28 |
| 32 | കാർഷികാമേഖലാ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-29 |
| 33 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 1-30 |
| 34 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-31 |
| 35 | എ ബി സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 2,10,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Arya Krishnan A.R (Auditor, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ല ഭിച്ച ഫണ്ടിന്റെ വിശദാംശം<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം.<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 19-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Arya Krishnan A.R (Auditor, On 19-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Lathakumari M (Audit Officer, On 19-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 30-06-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്ഥിരം സമിതിയുടെ 19.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 24.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും മംഗലപുരം ഗ്രാമ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രസ്തുത ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 35,56,10,728/- രൂപ ആകെ ചെലവ് 33,44,50,450/- രൂപ , നീക്കിയിരിപ്പ് ബാക്കി 2116O278/- രൂപ.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻഡിംഗ് സമിതി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 06-09-2021 |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (9537102/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (1593901.20/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല.

5) I-18 ഷെഡ്യൂൾ പ്രകാരം 290500102- Prior Period Expenses- Tax Remission & Refund- Profesional Tax- Institutions/ Professionals/ Traders ഇനത്തിൽ 1250/- രൂപയും, 290800701- Prior Period Expenses- Miscellaneous Expenses ഇനത്തിൽ 181758/- രൂപയും കുറവ് ചെയ്തിട്ടുണ്ട്. പ്രസ്തുത ട്രാൻസാക്ഷനുമായി ബന്ധപ്പെട്ട രേഖകൾ, കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

6) I-17 (A) ൽ തൻവർഷത്തെ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

7) 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | 2019-20 ലെ ഹെഡ്സ്കോഡ് | ഇനം | 2020-21 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100116 | SSA | 124000 ഹെഡ്കോഡ് (320100162) |
| 2 | 320200101 | Development Fund- General-Capital | 1302800 |
| 3 | 320200102 | Development Fund- SCP- Capital | 213730 |

| | | | |
|---|---|---|---|
| 4 | 320300103 | Grants, Funds & Contributions For Specific Purposes- Other Govt Agencies- Total Sanitation | 235050 |
| 5 | 320500101 | Grants, Funds & Contributions For Specific Purposes- Welfare Bodies- Capital | 35000 |
| 6 | 320700104 | Contributions For Joint Venture Projects (For Capital Expenditure)- From Block Panchayat | 249530 |

8) 320800101 Beneficiary Contributions ഇനത്തിൽ 474749/- രൂപ അവശേഷിക്കുന്നു. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ട തുകയാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9) B-9 ഷെഡ്യൂളിൽ മാർച്ച് മാസത്തേയ്ക്കുള്ള Wages, Honorarium, Travelling Allowances എന്നിവയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10) B-1 ഷെഡ്യൂളിലെ Excess Of Income Over Expenditure ഇനത്തിലെ 5755641/- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| 2019-20 B-1 | I&E പ്രകാരമുള്ള തൻവർഷ വരവ് | ആകെ | I&E പ്രകാരമുള്ള തൻവർഷ ചെലവ് (Including Prior Period Items) | നീക്കിയിരിപ്പ് | 2020-21 B-1 |
|---|---|---|---|---|---|
| 6148478.18 | 262465876 | 268614354.18 | 263221418 | 5392936.18 | 5755641 |

11) I & E പ്രകാരം തൻവർഷ ചെലവ് (262985303) വരവിനെക്കാൾ (262465876) കൂടുതലാണ്.

12) MGNREGS- ന്റെ വാർഷിക ധനകാര്യ പത്രികയിലെ വരവ്-ചെലവ്- നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ:

| | | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | എ.എഫ്.എസ് പ്രകാരം | 486887 | 1508578 | 1267019* | 0 |
| | ക്യാഷ് ബുക്ക് പ്രകാരം | 486887 | 1508578 | 1995465 | 0 |

*728446/- രൂപ 31.03.2021 തീയതിയിൽ NREGS അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് റീക്കുപ്പ് ചെയ്തെങ്കിലും ആയതിന്റെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

13) മുൻകൂർ ഇനത്തിൽ നൽകിയ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | ആകെ | അഡ്ജസ്റ്റ് ചെയ്ത തുക (Advance Register പ്രകാരം | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| Advance To Implementing Officers | AFS പ്രകാരം | 210000 | 230000 | 440000 | 440000 | 170776 |
| | Advance Register പ്രകാരം | 210000 | 400776 | 610776 | 440000 | 170776 |
| Advance To Others | AFS പ്രകാരം | 1063565 | 682834 | 1746399 | 1252019 | 0 |
| | Advance Register പ്രകാരം | 1063565 | 1466022 | 2529587 | 1980465 | 549122 |

14) നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര്/ അക്കൗണ്ട് നമ്പർ | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | SBI 36250065056 | 22000348/21.07.2020 | 025660/15.07.2020 | 1600 |
| 2 | | 22000382/28.07.2020 | 025681/ 28.08.2020 | 7661 |
| 3 | | 21901262/ 11.02.2020 | 331925/ 04.02.2020 | 5000 |
| 4 | | 22000262/25.06.2020 | 025624/ 24.06.2020 | 288 |
| 5 | | 22000349/ 21.07.2020 | 025661/ 15.07.2020 | 3504 |
| 6 | | 21901716/ 31.03.2020 | 810317/ 31.03.2020 | 350 |

| | | | | |
|---|---|---|---|---|
| 7 | | 22000535/07.09.2020 | 339558/ 26.08.2020 | 10000 |
| 8 | | 21901483/ 18.03.2020 | 332005/ 12.03.2020 | 1000 |
| 9 | | 22000234/ 16.06.2020 | 025606/ 15.06.2020 | 3000 |
| 10 | | 21901184/ 24.01.2020 | 840255/ 22.01.2020 | 590 |

15)ചെക്ക് നിക്ഷേപിച്ച ബാങ്കിൽ പണമായില്ല. പ്രസ്തുത ചെക്കുകൾ പണമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര്/ അക്കൗണ്ട് നമ്പർ | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | SBI 36250065056 | 119150500067/28.09.2020 | 5011927/25.09.2019 | 7150 |
| 2 | | 12015050038/09.09.2020 | 744681/ 27.08.2020 | 1250 |
| 3 | | 1200100024/ 28.09.2020 | 0103488/28.09.2020 | 2500 |

16) സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- വാർഷിക ധനകാര്യ പത്രികയിലെ വരവ്-ചെലവ്-നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തില്ല.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പത്രിക പ്രകാരം) | നീക്കിയിരിപ്പ് | ബി -4 പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 877033 | 3334855 | 4211888 | 2354355 | 1857533 | 1579541 | 277992 |
| ജില്ലാ പഞ്ചായത്ത് | 298153 | 2581854 | 2880007 | 2581854 | 298153 | 125 | 298028 |

17) Contributions For Joint Venture Projects- From Municipal Corporation ഇനത്തിൽ തൻവർഷം 400000/- ലഭ്യമായിട്ടുണ്ട്. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ട തുകയാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

18) Loan From Govt Bodies And Associations -675000/- രൂപ ഏത് ഇനത്തിൽ ലഭ്യമായ ലോൺ തുകയാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

19) നിക്ഷേപപ്രവൃത്തി ഇനത്തിലെ വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 4007213 | 750000 | 4757213 | 0 | 4942250 |

20) വാർഷിക ധനകാര്യ പത്രിക, ഡി സി ബി എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|---|---|---|
| Professional Tax-Employees | AFS | | 260770 | 2563270 | 39500 | 0 |
| | Register | Current | 258427 | 258427 | 0 | 0 |
| | | Arrear | 25417 | 0 | 25417 | 25417 |
| License | AFS | | 272410 | 270910 | 0 | 1500 |
| | Register | | 270910 | 270910 | 0 | 0 |
| Professional Tax- Traders (Arrears) | AFS | | 0 | 3750 | - | - |
| | Register | | രേഖപ്പെടുത്തലില്ല | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/ 15.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-2 ഐ എൽ ജി എം എസ്- സാംഖ്യ തമ്മിലുള്ള വ്യത്യാസം

25.09.2020 ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software യിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഒരേ അക്കൗണ്ട് ഹെഡിന് സാംഖ്യയിലും ഐ എൽ ജി എം എസ്-ലും വെവ്വേറെ ഇനം രേഖപ്പെടുത്തിയിരിക്കുന്നു.

| Account Head | Sankhya | ILGMS |
|---|---|---|

| | | |
|---|---|---|
| 140130104 | Fees For Extracts As Per RTI Act | Fee For Name Inclusion After School Admission |
| 140500110 | Public Comfort Station Receipts | Service Charges Collected |
| 150120103 | Sales Of Scrap | Receipts From Auction Of Obsolete Assets |
| 210200204 | Festival Allowance | Uniform Allowance |
| 220800109 | Loading And Unloading Charges | Donations And Contributions As Per Govt Order |

2) ഒരേ ഇനത്തിലെ സാംഖ്യയിലെ അക്കൗണ്ട് ഹെഡ് ഐ എൽ ജി എം എസ്-ലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| | Sankhya Acount Head | ILGMS Account Head |
|---|---|---|
| Fee For Extracts As Per RTI Act | 140130104 | 140130119 |
| Public Comfort Station Receipts | 140500110 | 140500201 |
| Market Receipts | 140500111 | 140500202 |
| Restoration Charges For Road Cutting | 140700101 | 140500209 |
| ICDS | 320100121 | 320100125 |
| NREGA | 320100101 | 320100128 |
| SSA | 320100116 | 320100162 |
| TSC | 320100115 | 320100181 |
| Literacy Scheme Grant | 320200309 | 320100197 |
| Grants From Suchitwa Mission | 320200322 | 320100198 |

3) സാംഖ്യയിലെ B-11 എന്ന ഷെഡ്യൂളിന് പകരം ഐ എൽ ജി എം എസ്-ൽ B-11, B-11 (A), B-11 (B), B-11 (C), B-11 (D), B-11 (E) എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

4)സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം.

| Schedule | Sankhya | ILGMS |
|---|---|---|
| Secured Loans | RP- 32 | RP- 31(R) |
| Deposits Received | RP- 34 | RP- 33(R) |
| Sundry Debtors (Receivables) | RP- 43 | RP- 45(R) |
| Establishment Expenses | RP- 11 | RP- 12(P) |

| | | |
|---|---|---|
| Administrative Expenses | RP- 12 | RP- 13(P) |
| Prior Period Item | RP- 26 | RP- 25 |
| Loans, Advances & Deposits | RP- 47 | RP- 49(P) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/ 15.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

5.2020-21 സാമ്പത്തിക വർഷത്തെ വൗച്ചറുകളിൽ 01.04.2020 മുതൽ 25.09.2020 തീയതി വരെയുള്ള (വൗച്ചർ നം.22000660) വൗച്ചറുകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പ്രസ്തുത തീയതിയ്ക്ക് ശേഷമുള്ള വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഐ എൽ ജി എം എസ്-ൽ ആയത് പരിശോധിക്കുന്നതിനുള്ള പ്രൊവിഷൻ ഓഡിറ്റേഴ്സ് ലോഗിനിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/ 16.06.2022) ലഭ്യമാക്കിയ മറുപടിയിൽ പുതിയ സംവിധാനത്തിലേയ്ക്ക് മാറിയത് കാരണമുള്ള സാങ്കേതിക പ്രശ്നങ്ങളും ഫയൽ പ്രോസസ് ചെയ്യാൻ വേണ്ടി വരുന്ന സമയക്കൂടുതലും കാരണമാണ് വൗച്ചർ പ്രിന്റ് എടുത്ത് വയ്ക്കാൻ സാധിക്കാത്തത് എന്ന് അറിയിച്ചു.

1. 2019-20 ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് ബാലൻസ് തൻവർഷത്തെ ട്രയൽ ബാലൻസിലെ ഓപ്പണിംഗ് ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

ഉദാഹരണങ്ങൾ:

| Head Of Account/ Item | 19-20ലെ ബാലൻസ് ഷീറ്റ് Closing Balance | 2020-21ലെ Trial Balance Opening Balance | | 2020-21ലെ Balance Sheet Closing Balance |
|---|---|---|---|---|
| | | Opening (Cr.) | Opening (Dr.) | |
| 310100101 Panchayat Fund – General Fund | 6015930 | 105196586 | 99180656 | 6015930 |

2) അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല

B3-Reserves

| അക്കൗണ്ട് ഹെഡ്/ഇനം | വർഷം | തുക |
|---|---|---|
| 312100101 Capital Contribution | 2019-20 | 70233333 |

| അക്കൗണ്ട് ഹെഡ്/ഇനം | വർഷം | തുക |
|---|---|---|
| 312100106 Capital Contribution- Backward Regions Grant Fund | 2020-21 | 70233333 |
| 312100152 Capital Contribution- Other Schemes | 2020-21 | 430000 |
| 312100201 Capital Contribution- Development Fund – General – Capital | 2020-21 | 650544 |
| 312100204 Capital Contribution- Development Fund – CFC- Basic Tax Grant | 2020-21 | 4922029 |
| 312100302 Capital Contribution- Maintenance Grant – Non Road | 2020-21 | 889355 |

2019-20ലെ വാർഷിക ധനകാര്യ പത്രികയിൽ മേൽ സൂചിപ്പിച്ച ഹെഡ്ഡുകൾ ഇല്ലാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാനായില്ല. ഉൾപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് ഹെഡുകളുടെ അംഗീകാരം, ആധികാരികത എന്നിവ വ്യക്തമല്ല.
അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ILGMS-മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം .

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 25.09.2020തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ

നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2019-20 ബാലൻസ് ഷീറ്റിലെ വിവിധ ക്ലോസിംഗ് ബാലൻസുകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാംഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

3. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

5. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

6. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

- വിവിധ ഫണ്ടുകളുടെ വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു. ഇതിൽ വികസനഫണ്ട്(ജനറൽ), സി എഫ് സി (അൺറ്റൈഡ്) എന്നിവയുടെ നീക്കിയിരിപ്പ് എ.സി.ആർ പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | എ സി ആർ പ്രകാരമുള്ള നീക്കിയിരിപ്പ്/ ലാപ്സാകുന്ന തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20234610 | 20234610 | 23217605 | -2982995 | 44020 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 16598608 | 16598608 | 16243633 | 354975 | 354975 |
| Maintanance Fund (Non Road) | 0 | 6463951 | 6463951 | 6215925 | 248026 | 248026 |
| Maintanance Fund (Road) | 0 | 8954000 | 8954000 | 8954000 | 0 | 0 |
| CFC Untied | 0 | 15748586 | 15748586 | 14518507 | 1230079 | 1030079 |
| CFC Tied | 0 | 9060000 | 9060000 | 3475619 | 5584381 | 5584381 |
| CSS** | 0 | 0 | 0 | 3322023 | -3322023 | - |
| SSS*** | 0 | 0 | 0 | 4990000 | -4990000 | - |

- ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ സി ആർ എന്നിവയിലെ നീക്കിയിരിപ്പ്/ ലാപ്സായ തുക തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | എ സി ആർ പ്രകാരമുള്ള നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 20234610 | 23217605 | -2982995 | 44020 |
| സി എഫ് സി- Untied | 0 | 15748586 | 14518507 | 1230079 | 1030079 |

- ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സർക്കാർ ഉത്തരവ് എന്നിവയിലെ വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 23261625 | 20234610 |

- CSS, SSS എന്നിവയുടെ വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
- സർക്കാർ ഉത്തരവ് 79/2021/ധന തീയതി 15.07.2021 പ്രകാരമുള്ള ക്യാരി ഓവർ, സ ഉ (സാധാ) നം.2247/2021/ധന തീയതി 12.03.2021 പ്രകാരമുള്ള അധിക വിഹിതം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/ 16.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കൃത്യതയോടെ തയ്യാറാക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2020-21 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 207 | 218545172 | 168 | 94372401 | - | 39 | 43.2% |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 136800 | 192 |
| കർഷകതൊഴിലാളി പെൻഷൻ | 4441100 | 291 |
| വിധവ പെൻഷൻ | 28172700 | 1955 |
| വാർദ്ധക്യകാലപെൻഷൻ | 54029900 | 4240 |
| വികലാംഗപെൻഷൻ | 7951900 | 551 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 779900 | 59 |

## 1-5-1 ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ

ധനവകുപ്പിന്റെ 22.09.2017 എസ്.എഫ്.സി.ബി 1 /62/2017-ാം നമ്പർ സർകുലർ, 29.11.2017-ലെ എസ്.എഫ്.സി.ബി 1 /71/2017-ാംനമ്പർ സർകുലർ, 2.08.2021-ലെ എസ്.എഫ്.സി.ബി.1/63/2021-ാംനമ്പർ സർക്കുലർ എന്നിവ പ്രകാരം ക്ഷേമപെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെൻഷൻ വിതരണം അന്ന് തന്നെ നിർത്തപ്പെടേണ്ടതാണെന്നും മരണപ്പെട്ടവരെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കിയില്ലെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തികനഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നുമുള്ള ഉത്തരവുകൾ നിലനിൽക്കെ, ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിലും പെൻഷൻ അനുവദിക്കുന്നതായി സേവനയിൽ നിന്നും കണ്ടെത്തി. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ടൈറ്റസ് പെരേര പി | 102710202963 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.12.2020 | ആക്റ്റീവ് | 01/21- 05/22 | 26900 |
| 2 | ഷംസുദ്ദീൻ എം | 102710202387 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.01.2021 | ആക്റ്റീവ് | 02/21- 05/22 | 9600 |
| 3 | രാധാകൃഷ്ണൻ | 102710201326 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09.03.2021 | സസ്പെൻഡ് | 04/21- 05/21 | 3200 |
| 4 | നന്ദിനി എസ് | 102710204730 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.03.2021 | സസ്പെൻഡ് | 04/21- 08/21 | 8000 |
| 5 | ഭാർഗ്ഗവി എൻ | 102710203058 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.06.2021 | ആക്റ്റീവ് | 07/21- 08/22 | 6600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/ 17.06.2022) ലഭ്യമാക്കിയ മറുപടിയിൽ മരണശേഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ള പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മരണപ്പെട്ട ക്ഷേമപെൻഷൻ കൈപ്പറ്റുന്ന വ്യക്തികളുടെ മുഴുവൻ വിവരവും അധികമായി നൽകിയ തുകകളുടെ വിവരവും അറിയിക്കേണ്ടതും അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 10.06.2022, 10.35 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1081/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ അവലോകനം താഴെ ചേർക്കുന്നു.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

5)ഫ്രണ്ട് ഓഫീസിൽ ആവശ്യത്തിന് ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ള സൗകര്യമില്ല.

6)വർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

7.വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ഫയലുകൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

8)കാർഷിക മേഖലയിലെ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ടുള്ള രേഖകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

9) തനതുവരുമാന ശേഖരണം, വർദ്ധനവിനുള്ള ഉപാധികൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ വേണം.

## 1-8 തൊഴിലുറപ്പ് പദ്ധതി

ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 486887 | 1508578 | 1995465 | 1995465 (*) | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 58895535 | 58895535 | 58895535 | 0 |

(*)- AFS പ്രകാരം ചെലവ്- 1267019/- അപാകത ഖ.1-2-1 (12) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 05.05.2022 | 01/01/2021 മുതൽ 31/03/2022 വരെ | 07.05.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2021 | 2007-08 മുതൽ 2011-12 വരെ | 12.09.2012 |

## 1-10 രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ അപാകത

രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്.

| | രസീത് പുസ്തക നമ്പർ | രസീത് നമ്പർ | അപാകതകൾ |
|---|---|---|---|
| 1 | 19560 | 2 | ഒപ്പ് വച്ചിട്ടില്ല |
| 2 | 19560 | 2 | ഒപ്പ് വച്ചിട്ടില്ല |
| 3 | 19560 | 21 | തീയതി രേഖപ്പെടുത്തിയില്ല |
| 4 | 19563 | 96 | ഒപ്പ് വച്ചിട്ടില്ല, വൈറ്റ്നർ ഉപയോഗിച്ച് തുക തിരുത്തിയിട്ടുണ്ട്. |
| 5 | 19564 | 27 | തീയതി രേഖപ്പെടുത്തിയില്ല, തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 6 | 19564 | 31 | തീയതി രേഖപ്പെടുത്തിയില്ല |
| 7 | 19564 | 34 | ഒപ്പ് വച്ചിട്ടില്ല |
| 8 | 19564 | 35 | ഒപ്പ് വച്ചിട്ടില്ല |
| 9 | 19564 | 36 | ഒപ്പ് വച്ചിട്ടില്ല |
| 10 | 19564 | 37 | ഒപ്പ് വച്ചിട്ടില്ല |
| 11 | 19564 | 43 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 12 | 19564 | 47 | തീയതി രേഖപ്പെടുത്തിയില്ല |
| 13 | 19564 | 49 | തീയതി രേഖപ്പെടുത്തിയില്ല |
| 14 | 19564 | 80 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 15 | 19564 | 94 - 100 | റദ്ദ് ചെയ്ത രസീത് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 16 | 5460 | 18 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 17 | 5460 | 95 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 18 | 5462 | 49 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 19 | 5462 | 50 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 20 | 5462 | 54 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 21 | 5463 | 99 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 22 | 5464 | 6 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 23 | 5464 | 8 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |
| 24 | 5465 | 7 | ഒപ്പ് വച്ചിട്ടില്ല,തീയതി രേഖപ്പെടുത്തിയില്ല |

| | | | |
|---|---|---|---|
| 25 | 5465 | 100 | ഒപ്പ് വച്ചിട്ടില്ല |
| 26 | 19568 | 51 | ഒപ്പ് വച്ചിട്ടില്ല |
| 27 | 19569 | 33 | തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 28 | 19570 | 41 | റദ്ദ് ചെയ്ത രസീത് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 29 | 19570 | 42 | റദ്ദ് ചെയ്ത രസീത് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 30 | 19610 | 99 | തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 31 | 19611 | 63 | തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 32 | 19612 | 54 | രസീത് വാങ്ങിയ ആളിന്റെ പേര്, മേൽവിലാസം രേഖപ്പെടുത്തിയില്ല |
| 33 | 19612 | 57 | രസീത് വാങ്ങിയ ആളിന്റെ പേര്, മേൽവിലാസം രേഖപ്പെടുത്തിയില്ല |
| 34 | 19612 | 64 | രസീത് വാങ്ങിയ ആളിന്റെ പേര്, മേൽവിലാസം രേഖപ്പെടുത്തിയില്ല |

രസീതുകൾ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും, സെക്രട്ടറി രസീത് പുസ്തകങ്ങൾ പരിശോധിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം - 14 / 2022, 15.06.2022)

## 1-11 തൊഴിൽ നികുതി - അപാകങ്ങൾ

പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ മേധാവികൾ സമർപ്പിച്ച വരുമാന പത്രികകളിലും തൊഴിൽനികുതി രജിസ്റ്ററിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി,സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. എന്നാൽ, 2020-21 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

- തറവാട് ട്രേഡേഴ്സ്
- കെ പി കാർസ് പ്രൈവറ്റ് ലിമിറ്റഡ്
- സൂര്യ വെഡ്ഡിംഗ് കളക്ഷൻ
- ഭാരതി എർത്ത് എഞ്ചിനീറിംഗ് കോൺട്രാറ്റ്സ്
- മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്
- മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, മുരുക്കുംപുഴ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/ 17.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി ഈടാക്കുന്നതിൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കമ്പനികളുടെയും വ്യക്തികളുടെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമല്ല തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | സ്ഥാപനം | പേര്/ തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എം ജി എം വിദ്യാമൗണ്ട് പബ്ലിക് സ്കൂൾ | സ്വപ്ന ബാലകൃഷ്ണൻ, ടീച്ചർ | 126000/- ആദ്യ പകുതി | 1250 | 1000 | 250 |
| 2 | തോന്നയ്ക്കൽ അഗ്രികൾച്ചർ ക്രെഡിറ്റ് സഹകരണ സംഘം | ജീന.സി, ജൂനിയർ ക്ലാർക്ക് | 141750/- രണ്ടാം പകുതി | 1250 | 1000 | 250 |
| 3 | കിംസ് കോളേജ് ഓഫ് നഴ്സിംഗ്, തോന്നയ്ക്കൽ | ആർച്ച വിജയൻ, ലെക്ച്ചർ | 120000/- രണ്ടാം പകുതി | 1250 | 1000 | 250 |
| 4 | | രാഗീ രാജീവൻ, ലെക്ച്ചർ | 120000/- രണ്ടാം പകുതി | 1250 | 1000 | 250 |
| 5 | | സരിത എസ് രാജൻ, ലൈബ്രേറിയൻ | 120000/- രണ്ടാം പകുതി | 1250 | 1000 | 250 |
| 6 | | ഷാനി എസ് രാജപ്പൻ, അസിസ്റ്റന്റ് പ്രൊഫസർ | 120000/- രണ്ടാം പകുതി | 1250 | 1000 | 250 |
| 7 | | തൻസീല റ്റി, ലെക്ച്ചർ | 120000/- രണ്ടാം പകുതി | 1250 | 1000 | 250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/ 17.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി- അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വസ്തുനികുതി ഈടാക്കുന്നതിൽ ചുവടെ ചേർക്കുംപ്രകാരം അപാകത കാണുന്നു.

1. സഞ്ചയയിൽ കുറഞ്ഞനിരക്കിലുള്ള ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി കണക്കാക്കി- വരവ് നഷ്ടം

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 40/- രൂപ നിരക്കിലും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളവയ്ക്ക് 60/- രൂപ നിരക്കിലും വസ്തുനികുതി കണക്കാക്കാനാണ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയത് വഴി വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

ഉദാ. സഞ്ചയസോഫ്റ്റ്വെയറിൽ 1 മുതൽ 5 വരെ വാർഡുകളുടെ വിശദാംശം പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ '100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 40/- രൂപ നിരക്കിലാണ് അടിസ്ഥാനവസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം, ഉപയോഗം | ഗ്രാമപഞ്ചായത്ത് 40/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | തറവിസ്തീർണ്ണത്തിന്റെ അിസ്ഥാനത്തിൽ 60/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|
| 3/58/A രാംകുമാർ(നന്ദനം,ചെമ്പകമംഗലം) | 131.7 ച മീ, ഷോപ്പ് | 5268 | 7902 | 2634 |
| 3/133/C നസീറാബീവി | 101.9 ച മീ, ഷോപ്പ് | 4076 | 6114 | 2038 |

| | | | | |
|---|---|---|---|---|
| (എ കെ ബിൽഡിംഗ്, ചെമ്പകമംഗലം) | | | | |

കെട്ടിട ഉടമകൾക്ക് അറിയിപ്പ് നൽകി നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 6).

2. കെട്ടിട നികുതി ഒഴിവാക്കൽ- അപാകതകൾ

ജി.ഒ(ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയുടെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വാർഡ് 2, 4, 9 എന്നിവ മാത്രം പരിശോധിച്ചതിൽ മേൽ അപാകത ശ്രദ്ധയിൽപ്പെട്ടത് ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ |
|---|---|---|
| 1 | 9/656/A<br>9/656/B | റസിയ ബിവി<br>(ആലുനിന്നവിള,തോന്നക്കല്) |
| 2 | 2/194/A<br>2/194/B | സന്ധ്യ<br>(കുന്നിൽ വീട്,ചെമ്പകമംഗലം) |
| 3 | 4/180/A<br>4/180/B | കൃഷ്ണമ്മ<br>(താഴനൂവിളകത്ത് വീട്,മുറിഞ്ഞപാലത്തിന് സമീപം,കുടവൂർ) |

കെട്ടിട ഉടമസ്ഥരെ വിവരം അറിയിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

3. അനധികൃത നിർമ്മാണം- സഞ്ചയയിൽ അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

Unauthorised Building രജിസ്റ്റർ പ്രകാരമുള്ള അനധികൃതകെട്ടിങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. 1 മുതൽ 7 വാർഡുകൾ ഉദാഹരണമായെടുത്ത് പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1 | ശ്രീമതി ശാന്ത, ശാന്തമന്ദിരം, മുരുക്കുംപുഴ |
| 2 | 2 | ശ്രീമതി.രമ.വി, പൊയ്കയിൽ വീട്, കോരാണി |
| 3 | 3 | ശ്രീമതി.ആൽഫിയ.എച്ച്, ആൽഫിയനിവാസ്, കോരാണി |
| 4 | 7 | ശ്രീ.ദിലീപ്, ആൽഫിയ മൻസിൽ |

കൂടാതെ ക്രമ നം.1 പ്രകാരമുള്ള അനധികൃത നിർമ്മാണത്തിന് വസ്തുനികുതിയിൽ ഇളവ് നൽകിയിരിക്കുന്നു

ക്രമനം.1 കെട്ടിടം നിയമാനുസൃതമല്ലാത്തതെന്നത് ശ്രദ്ധയിൽപ്പെടാതെ നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതാണെന്നും വിവരം ഉടമയെ അറിയിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ക്രമ നം. 2, 3 എന്നീ കെട്ടിടങ്ങൾ നിലവിൽ നിയമാനുസൃതമായ കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ക്രമ നം. 4 കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകി ശ്രീ.ഷംസുദ്ദീൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലാണുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നം.7).

നിയമാനുസൃത കെട്ടിടങ്ങളുടെ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്ന നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതും, സഞ്ചയയിലും, രജിസ്റ്ററിലും ആവശ്യമായ മാറ്റം വരുത്തി വിവരം റിപ്പോർട്ട്

ചെയ്യേണ്ടതുമാണ്.

4. മൊബൈൽടവറുകളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 9 മൊബൈൽ ടവറുകളാണുള്ളത്. ഇതിൽ കെട്ടിട നം. 1/559/A യിലുള്ള BSNLമൊബൈൽ ടവറിൽ നിന്ന് 2013 ആദ്യപകുതി മുതലുള്ള വസ്തുനികുതി കുടിശ്ശിക 18880/- രൂപ ഈടാക്കാനവശേഷിക്കുന്നു.

കുടിശ്ശിക ഈടാക്കാൻ ആർ.ആർ. നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-13 മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു

പദ്ധതി നമ്പർ:28
പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:6,00,000/-
ചെലവ് തുക:6,00,000/-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി : 128/ 11.08.2020 – 5,25,000/-
:158/24.08.2020 – 75,000/-
ചുവടെ ചേർക്കുന്ന മരുന്നുകൾ അവയുടെ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| മരുന്നിൻ്റെ പേര് | ഇൻവോയ്സ് നമ്പർ | തീയതി | ബാച്ച് നമ്പർ | കാലഹരണ തീയതി | മരുന്നുകൾ വിതരണം ചെയ്ത തീയതി |
|---|---|---|---|---|---|
| പഞ്ചതിക്തകം | 90179442 | 16.09.2020 | K 17196 | 09/2021 | 05/2022 വരെ |
| അസനേലാദി വെളിച്ചെണ്ണ | 90179442 | 16.09.2020 | T 95172 | 06/2021 | 11/2021 വരെ |
| വാശാഗുളു ചാദികഷായ ചൂർണ്ണം | 90179455 | 16.09.2020 | K 62173 | 02/2021 | 09/2021 വരെ |

കാലാഹരണ തീയതിയ്ക്ക് ശേഷം മരുന്നുകൾ വിതരണം ചെയ്യുന്നത് ആരോഗ്യമേഖലയിലെ ജാഗ്രതക്കുറവിനെ കാണിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. ഭരണസമിതിയും ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പത്താം തരം ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഫീസ് - ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ: 131
പദ്ധതിയുടെ പേര്: പത്താം തരം- ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഫീസ്
നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മിസ്ട്രസ്.
അടങ്കൽ തുക:1,00,000/രു
ചെലവ് തുക:1,00,000/രു
ഫണ്ടിനം: തനത് ഫണ്ട്

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്.
1.പഠിതാക്കളുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പഠിതാക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
3.മേൽ തുകയ്ക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാമെന്നുള്ള മറുപടിയാണ് (ഓഡിറ്റ് അന്വേഷണം -23 / 2022, 16.06.2022) ഇതുമായി ബന്ധപ്പെട്ട് നൽകിയത്. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-15 പാലിയേറ്റീവ് കെയർ (2020-'21) - മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം

കാലം വേണ്ടി വരുന്നു

പദ്ധതി നമ്പർ :35

പദ്ധതിയുടെ പേര് : പാലിയേറ്റീവ് കെയർ (2020-'21)

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ തുക : 11,50,000/-

ചെലവ് തുക :11,22,098/-

ഫണ്ടിനം: തനത് ഫണ്ട്

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കാരുണ്യയിൽ നിന്നും വാങ്ങിയ ചുവടെ വിവരിക്കുന്ന മരുന്നുകളുടെ വില 21.05.2020 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 20.10.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|
| 49 | 04.06.2020 | 9,019 |
| 500 | 04.06.2020 | 26,360 |
| 2285 | 04.12.2020 | 33,512 |
| 2631 | 06.01.2021 | 6,953 |
| 1644 | 14.09.2020 | 32,783 |
| 1588 | 05.09.2020 | 11,682 |
| 1806 | 15.10.2020 | 22,776 |
| 67 | 02.07.2020 | 1,509 |
| 981 | 02.07.2020 | 1,25,440 |
| 626 | 19.05.2021 | 8,654 |
| 1403 | 11.07.2021 | 1573 |
| 1516 | 29.07.2021 | 17,419 |
| 1698 | 28.08.2021 | 502 |
| 2017 | 20.10.2021 | 1818 |
| | | 3,00,000 |

അവശ്യ സേവനമായ മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നത് അനുചിതമാണ്. മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഭരണസമിതിയും ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിക്കേണ്ടതാണ്.

## 1-16 ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം കാലം വേണ്ടി വരുന്നു

പദ്ധതി നമ്പർ:27

പദ്ധതിയുടെ പേര്: ഹോമിയോ മരുന്നുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹോമിയോ മെഡിക്കൽ ഓഫീസർ

അടങ്കൽ തുക:2,00,000/-

ചെലവ് തുക:2,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 360/ 12.01.2021

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്.

മരുന്നുകളുടെ 2,00,000/-രൂപ 12.01.2021 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരമാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| LF 29 | 27.04.2021 | 39,123/- | 27.04.2021 |
| LF 1815 | 06.12.2020 | 96,310/- | 06.12.2020 |
| LF 2449 | 03.02.2022 | 64,565/- | 03.02.2022 |
| | | 1,99,998/- | |

വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം കാലം വേണ്ടി വരുന്നു. അവശ്യ സേവനായ മരുന്നുകൾ ലഭ്യമാകാൻ കാലതാമസം നേരിടുന്നത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ യഥാസമയം ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-17 വൃദ്ധജന പരിപാലന പ്രോജക്ട് - കരാർ ലംഘനം

1.
പദ്ധതി നമ്പർ: 31
പദ്ധതിയുടെ പേര്: വൃദ്ധജന പരിപാലന പ്രോജക്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ-ആയുർവേദ മെഡിക്കൽ ഓഫീസർ
അടങ്കൽ തുക:5,00,000/രൂ-
ചെലവ് തുക:5,00,000/രൂ-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി: 258/ 07.11.2020
മരുന്നുകളുടെ വിലയായ 5,00,000/-രൂപ 07.11.2020 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 31.07.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90214459 | 30.06.2021 | 2,205/- | 31.07.2021 |
| 90218198 | 28.07.2021 | 6,878/- | 31.07.2021 |
| 90209874 | 31.05.2021 | 9,136/- | 11.06.2021 |
| 90204283 | 26.03.2021 | 38,423/- | 24.04.2021 |
| 90200396 | 26.02.2021 | 18,106/- | 29.03.2021 |
| 90196744 | 29.01.2021 | 68,772/- | 03.02.2021 |
| 90193947 | 31.12.2020 | 95,397/- | 25.01.2021 |
| 90190358 | 30.11.2020 | 2,56,084/- | 30.11.2020 |
| | ആകെ | 4,94,981/- | |

2.
പദ്ധതി നമ്പർ:28
പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:6,00,000/-
ചെലവ് തുക:6,00,000/-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി : 128/ 11.08.2020 – 5,25,000/രൂ-
:158/24.08.2020 – 75,000/രൂ-

മരുന്നുകളുടെ വിലയായ 5,25,000/-രൂപ 11.08.2020 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 29.03.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90189328 | 28.11.2020 | 91,278/- | 03.12.2020 |
| 90192718 | 28.12.2020 | 20,047/- | 03.12.2020 |
| 90185774 | 30.10.2020 | 13,548/- | 18.12.2020 |
| 90185308 | 29.10.2020 | 99,978/- | 18.12.2020 |
| 90181652 | 30.09.2020 | 1,63,145/- | 07.10.2020 |
| 90178282 | 29.08.2020 | 44,171/- | 08.09.2020 |
| 90179442 | 16.09.2020 | 49,365/- | 18.09.2020 |
| 90196297 | 27.01.2021 | 18,596/- | 06.02.2021 |
| 90195870 | 29.03.2021 | 24,872/- | 29.03.2021 |
| | ആകെ | 5,25,000/- | |

3.
പദ്ധതി നമ്പർ:33
പദ്ധതിയുടെ പേര്:
അടങ്കൽ തുക:1,50,00/രൂ-
ചെലവ് തുക:1,50,00/രൂ-

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി : 134/ 17.08.2020

മരുന്നുകളുടെ വിലയായ 1,50,000/-രൂപ 17.08.2020 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 29.03.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90178287 | 29.08.2020 | 35,299/- | 08.09.2020 |
| 90179450 | 16.09.2020 | 17,416/- | 18.09.2020 |
| 90181654 | 30.09.2020 | 40,065/- | 07.10.2020 |
| 90185773 | 30.10.2020 | 7,699/- | 18.12.2020 |
| 90189368 | 28.11.2020 | 37,731/- | 18.12.2020 |
| 90195765 | 29.03.2021 | 7,197/- | 29.03.2021 |
| 90199267 | 19.02.2021 | 4,594/- | 29.03.2021 |
| | | 1,50,001/- | |

4.

പദ്ധതി നമ്പർ:32

പദ്ധതിയുടെ പേര്:

അടങ്കൽ തുക:2,00,000/-

ചെലവ് തുക:2,00,000/-

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ, തീയതി : 165/ 17.08.2020

മരുന്നുകളുടെ 2,00,001/-രൂപ 17.08.2020 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 24.04.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90178297 | 29.08.2020 | 29,130/- | 08.09.2020 |
| 90179455 | 16.09.2020 | 44,979/- | 18.09.2020 |
| 90181653 | 30.09.2020 | 1,03,480/- | 07.10.2020 |
| 90189337 | 28.11.2020 | 13,828/- | 18.12.2020 |
| 9018550 | 30.10.2020 | 3,990/- | 18.12.2020 |
| 90202769 | 15.03.2021 | 4,594/- | 24.04.2021 |
| | | 2,00,001/- | |

നിർവ്വഹണ ഉദ്യോഗസ്ഥനും , ഔഷധിയുമായി 25.08.2020 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി 60 ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം ഔഷധി വഹിക്കുമെന്നുമാണ്. എന്നാൽ ഇവിടെ ടി നിബന്ധന പാലിച്ചിട്ടില്ല.(ഓഡിറ്റ് അന്വേഷണം -20 / 2022, 15.06.2022). പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി- നിർവ്വഹണത്തിലെ അപാകത- 53000/- രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം മൂന്ന് പ്രോജക്ടുകൾ പ്രകാരമാണ് ലൈഫ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ

| പ്രോജക്ട് വിവരം | അടങ്കൽ | ചെലവ് |
|---|---|---|
| പ്രോജക്ട് നം. 152/21 (ലൈഫ് (ജനറൽ)) നിർവ്വഹണം- വി.ഇ.ഒ.- II | അടങ്കൽ - 16413847/- | ചെലവ് - 6763398/- (ബിൽ നം.10/30.3.2021- 180000/-, 6/20.1.21-820000/-, ചെക്ക് നം. 310775/30.3.21-720000/-, 310742/12.3.21-800000/-, 339607/18.9.20-260000/-, 025653/14.7.2020- 980000/-, 025616/19.6.2020- 643398/-, 0023950/8.6.2020- 1160000/-, 1000000/-(5919450/18.5.20)) |
| പ്രോജക്ട് നം. 175/21 (ലൈഫ് | അടങ്കൽ - 4317000/- | ചെലവ് - 3785520/- (എന്നാൽ സുലേഖ ചെലവ് പത്രികപ്രകാരം ചെലവ്- 2190000/- എന്നാണ് |

| | | |
|---|---|---|
| (എസ്.സി.പി))<br>നിർവ്വഹണം-<br>വി.ഇ.ഒ.- I | | രേഖപ്പെടുത്തിയിട്ടുള്ളത്)<br>(ചെക്ക് നം. 339529/12.8.20-990000/-, 339546/19.8.20-730000/-, 5919448/18.5.20-595520/-, 025678/24.7.2020-110000/-, 0023943/9.6.20-10,00,000/-, 766544/18.12.20- 360000/- |
| പ്രോജക്ട് നം. 172/21<br>(ലൈഫ്<br>(എസ്.സി.പി))<br>നിർവ്വഹണം-<br>വി.ഇ.ഒ.- I | അടങ്കൽ - 1841978/- | ചെലവ് - 1054480/- (ബിൽ നം. 7/19.8.20- 140000/-, 21/9.3.21- 200000/-, 22/13.3.21-260000/-, 24/17.3.21-114480/-, 28/30.3.21-340000/-) |

(എ) ലൈഫ് - ചെലവ് വിവരം ചെലവ് പത്രികയിലോ, പ്രോജക്ട് ഫയലിലോ ഉൾപ്പെടുത്താതെ ചെലവ് ചെയ്തിരിക്കുന്നു

ചെക്ക് നം. 5919448/18.5.20, 0023943/9.6.20 എന്നിവ പ്രകാരം യഥാക്രമം 595520/-, 10,00,000/- എന്നിങ്ങനെ തുക പിൻവലിച്ച് വിവിധ ലൈഫ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം പ്രോജക്ട് ഫയലിൽ സൂക്ഷിക്കുകയോ, സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇപ്രകാരം തുക ചെലവഴിക്കുക വഴി ഗുണഭോക്താക്കൾക്ക് പരിധിയിൽ അധികം തുക നൽകിയിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കാൻ സാധിക്കുന്നില്ല.

ശ്രീ.സുമേഷ്.എം, വി.ഇ.ഒ-I നിർവ്വഹണം നടത്തി തുക ചെലവഴിച്ചതാണെന്നും, 25.02.2021 ന് താൻ ചാർജ്ജെടുത്ത ശേഷമാണ് സാംഖ്യബിൽ, മറ്റ് രജിസ്റ്ററുകൾ എന്നിവ പ്രകാരം 2020-21 വർഷത്തെ ക്യാഷ്ബുക്ക് തയ്യാറാക്കിയതെന്നുമാണ് നിലവിലെ വി.ഇ.ഒ-I ലഭ്യമാക്കിയ മറുപടി(ഓ.എൻക്വയറി നം. 35).

ലൈഫ് ഭവനപദ്ധതിക്കായി വി.ഇ.ഒ ചെക്ക് മുഖാന്തിരം പിൻവലിച്ച് ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്ത മുഴവൻ തുകയുടേയും വിശദാംശം കണ്ടുപിടിച്ച്, ഗുണഭോക്താക്കൾക്ക് നൽകിയ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ബി) ലൈഫ് ഭവനപദ്ധതി- തുക അധികം നൽകി

I) വി.ഇ.ഒ.- 1 നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. 175/21 &172/21-ലൈഫ്(എസ്.സി.പി)) ശ്രീമതി വസുന്ധര.റ്റിയ എന്ന ഗുണഭോക്താവിന് 450000/- രൂപയാണ് നൽകിയിട്ടുള്ളത് (രജിസ്റ്റർ പരിശോധിച്ചതിൽ).

താൻ ഗ്രാമപഞ്ചായത്തിൽ ചാർജ് എടുക്കുന്നതിന് മുൻപാണ് ടി വ്യക്തിക്ക് ധനസഹായം നൽകിയതെന്നാണ് നിലവിലെ വി.ഇ.ഒ വിശദീകരണം നൽകിയത് (ഓഡിറ്റ് എൻക്വയറി നം.7).

Ii) വി.ഇ.ഒ.- II നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. 152/21 ലൈഫ് (ജനറൽ)) ശ്രീ.ഗോപാലപിള്ള/ശ്രീമതി സരോജിനി, തിരുവോണം, മംഗലപുരം എന്ന ഗുണഭോക്താവിന് 400,000/- രൂപ നൽകുന്നതിന് പകരം 403000/- രൂപ നൽകിയിരിക്കുന്നു.

ഗുണഭോക്താവിന് അധികം നൽകിയ തുക തിരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം.8).

മേൽ രണ്ട് പ്രോജക്ടുകളിലുമായി ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിലേക്കായി ചെലവ് തുക 53000/- രൂപ തടസ്സപ്പെടുത്തുന്നു.

സി) ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്

ലൈഫ് ഭവനപദ്ധതി പ്രകാരം കരാർ വച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം (2020-21 സാമ്പത്തിക വർഷം വരെ) | പണി പൂർത്തീകരിച്ചവരുടെ എണ്ണം | പണി പൂർത്തീകരി ക്കാത്തവരുടെ എണ്ണം | പണിപൂർത്തീകരിക്കാത്തവരുടെ വിവരം , കൈപ്പറ്റിയ തുക<br>(ഓഡിറ്റ് എൻക്വയറി നം. 7, 8 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം) |
|---|---|---|---|---|
| പ്രോജക്ട് നം. 152/21(ലൈഫ് (ജനറൽ)) | 30 | 30 | - | ഇല്ല |

| | | | | |
|---|---|---|---|---|
| പ്രോജക്ട് നം. 175/21 (ലൈഫ് (എസ്.സി.പി)) & പ്രോജക്ട് നം. 172/21(ലൈഫ് (എസ്.സി.പി)) | 39 | 36 | 3 | 1. ശ്രീമതി ശശികല- 80,000/-<br>2. ശ്രീമതി സിമിമോൾ- 200000/-<br>3. ശ്രീമതി ശ്യാമ.എസ്.എസ്- 40000/- |

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് അടിയന്തിരമായി ഭവനനിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടതും അല്ലാത്തപക്ഷം പലിശയുൾപ്പെടെ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഡി) രജിസ്റ്ററിൽ ഗഡുക്കൾ നൽകിയത് കൃത്യമായി രേഖപ്പെടുത്തുന്നില്ല

(I) പ്രോജക്ട് നം. 172/21 പ്രകാരം ശ്രീമതി ഇന്ദിര.റ്റി, ശ്രീമതി ദീപ എന്നിവർക്ക് 17.08.2020ന് യഥാക്രമം 40000/-, 100000/- എന്നിങ്ങനെ തുക നൽകിയിട്ടുണ്ട് എന്നാൽ പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടത് പ്രകാരം പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെട്ട മറ്റൊരു രജിസ്റ്ററും, ഫയലും ഹാജരാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ വീട് പണി തുടങ്ങിയതിന്റേയോ, പൂർത്തീകരിച്ചതിന്റേയോ യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. വീട് പണി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട മുഴുവൻരേഖകളും ലഭ്യമാക്കേണ്ടതാണ്.

(Ii) പ്രോജക്ട് 152/21 പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ.

| ഗുണഭോക്താവ് | ബിൽ തീയതി | തുക | അപാകത |
|---|---|---|---|
| ശ്രീമതി ലളിത.വി | 9.9.2020 | 10447/- | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല |
| ശ്രീമതിമീനാദേവി | 14.7.2020 | 100000/- | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല |
| ശ്രീമതി റീന | 17.6.2020 | 136998/- | രജിസ്റ്ററിൽ 643398/- രൂപ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു |
| ശ്രീമതി ശ്രീലത | 4.3.2021 | 100000/- | രജിസ്റ്ററിൽ 200000/- രൂപ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു |

രജിസ്റ്ററിൽ രേഖപ്പെടുത്തൽ കൃത്യമാക്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്(നം. 8). ലൈഫ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്- 15400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 177/21(വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം- സ്പിൽ ഓവർ)

അടങ്കൽ - 138600/- (108000(കേന്ദ്രാവിഷ്കൃത ഫണ്ട്), 30600(തനത് ഫണ്ട്))

ചെലവ് - 138600/- (ചെക്ക് നം.025678/25.7.2020)

നിർവ്വഹണം - വി.ഇ.ഒ.- I

ഗുണഭോക്താക്കൾക്ക് ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി ധനസഹായം നൽകുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ സ്പിൽഓവർ പ്രോജക്റ്റ് പ്രകാരം ശ്രീമതി.തസ്നി എന്ന ഗുണഭോക്താവിന് ഗാർഹിക കക്കൂസ് നിർമ്മാണത്തിനായി തൻവർഷം 15400/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിന് മുൻവർഷവും(2019-20 വർഷം) ഈ പ്രോജക്റ്റ് പ്രകാരം 12000/-രൂപ നൽകിയിട്ടുണ്ട്.

മുൻ വി.ഇ.ഒ ഫയലുകളും രേഖകളും കൈമാറിയിട്ടില്ലായെന്നാണ് നിലവിലെ വി.ഇ.ഒ ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി(നം.7). ഗുണഭോക്താക്കൾക്ക് നൽകുന്ന തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, കൃത്യമായി മോണിറ്ററിംഗ് നടത്തുകയോ ചെയ്യാത്തതിനാൽ ഒരു തവണ ധനസഹായം നൽകിയ ഗുണഭോക്താവിന് വീണ്ടും തുക അനുവദിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ശ്രീമതി.തസ്നിക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്. ഇതിലേക്കായി 15400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

വിവിധ പ്രവൃത്തികൾക്കായി KSEB, ശുചിത്വ മിഷൻ, സാമൂഹ്യ സുരക്ഷാ മിഷൻ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ ഗ്രാമ പഞ്ചായത്ത് തുക/വിഹിതം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും,പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | നിർവ്വഹണ ഏജൻസി. | തുക.(രൂ) |
|---|---|---|---|
| 1 | 91/21 വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 955686 |
| 2 | 126,മെഡിക്കൽ കോളേജ് മാലിന്യ നിർമ്മാർജ്ജന പ്ളാന്റ് ബ്ലോക്ക് വിഹിതം | ശുചിത്വമിഷൻ | 100000 |
| 3 | 4/21, സാമൂഹ്യ സുരക്ഷാ മിഷൻ ഗ്രാമ പഞ്ചായത്ത് വിഹിതം | സാമൂഹ്യ സുരക്ഷാ മിഷൻ | 100000 |
| 4 | S0023,പാഥേയം പദ്ധതി | ജില്ലാപഞ്ചായത്ത് | 48384 |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-21 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കരാർ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണം

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കരാർ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്ന നിഷ്കർക്കുന്നു. 2020-21 വർഷം മംഗലപുരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ 4 മരാമത്ത് പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികളുടെ'ഒറിജിനൽ എസ്റ്റിമേറ്റിൽ, ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് Lumpsum ആയി തുക ഉൾക്കൊള്ളിക്കുകയും,ടെണ്ടർ കിട്ടിയ കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് ടി തുക തന്നെ ക്വാട്ടു ചെയ്ത ശേഷം,പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം/പേര് |
|---|---|
| 1 | 126/19-20,ഊരുകോണം ലക്ഷം വീട് കോളനി വികസനം |
| 2 | SOO 48/20,യോഗ സെന്റർ, മംഗലപുരം PHC |
| 3 | S0185/20 കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്. |

| | |
|---|---|
| 4 | 87/19-20,കൈലാത്തുകോണം LPSമെയിന്റനൻസ്. |

ടി നാലു പ്രവൃത്തികളും നിർവ്വഹിച്ച കരാറുകാർക്ക് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ലൈസൻസ് ഉള്ളതായി രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല..ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

PWD Mannual 2012 ലെ സെക്ഷൻ 2306.1 അനുശാസിക്കുന്ന രീതിയിൽ ഭാവിയിൽ ഇലക്ട്രിക് വർക്കുകൾക്ക് ഇലക്ട്രിക് ലൈസൻസുള്ള കരാറുകാർക്ക് പ്രവൃത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ടി.ഡി.എസ് ഈടാക്കി -അടവാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| അടങ്കൽ തുക(രൂപ) | 1600000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് 1200000/- രൂപ, മറ്റുള്ളവ 400000/- രൂപ |
| ചെലവ് : (രൂ) | 1600000 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ടി പദ്ധതികളുടെ ട്രഷറി ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/തീയതി | തുക(രൂ) |
|---|---|---|
| 1 | 12/13-11-20 | 240000 |
| 2 | 13/30-11-20 | 240000 |
| 3 | 14/30-11-20 | 240000 |
| 4 | 16/01-12-20 | 240000 |
| 5 | 18/9-12-20 | 240000 |
| 6 | 21/30-12-20 | 192000 |
| 7 | 22/30-12-20 | 48000 |
| | ആകെ | 1600000 |

മേൽപദ്ധതി പ്രകാരംSR ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടിയിലൂടെയാണ് വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. SELTEC White Colour 3 Layer Water Tank 500 Litre വാട്ടർ ടാങ്ക് 18% GST ഉൾപ്പെടെ ഉള്ള നിരക്കാണ് ടി സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ GST ബിൽ അല്ല സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്.

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. എന്നാൽ, മേല്പറഞ്ഞ ബില്ലുകളിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. കേന്ദ്ര സർക്കാർ വിജ്ഞാപനം നം.10/2019/Central Tax തീയതി7-3-19 പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ വാർഷിക ടേൺ ഓവർ 40 ലക്ഷം രൂപ വരെയുള്ളവയെ GST യിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാലാണ് ടി.ഡി.എസ് പിടിക്കാഞ്ഞത് എന്ന് ഓഡിറ്റ് എൻക്വയറി നം.13 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 18% GST ഉൾപ്പെടെ ഉള്ള നിരക്കാണ് ടി സ്ഥാപനം ക്വാട്ട് ചെയ്തത് എന്ന വസ്തുത പരിഗണിക്കുമ്പോൾ ടി മറുപടി അംഗീകരിക്കാൻ കഴിയില്ല. മേലിൽ വാങ്ങലുകൾ നടത്തുമ്പോൾ,ടെണ്ടർ ഷെഡ്യൂൾ അനുസരിച്ചുള്ള ബില്ലുകൾ മാത്രം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. GST ഇനത്തിൽ SR ട്രേഡേഴ്സിനു നല്കിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 1-23 വെള്ളക്കരം-ബില്ലുകളിലെ പൊരുത്തക്കേട് പരിഹരിക്കണം

ഗ്രാമപഞ്ചായത്ത് പ്രതിമാസം 219188 രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ501 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2020 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം,Closing Balance As On31/3/20 -2842 രൂപയും, Demand For The Month 219188 രൂപയും , ചേർത്ത് ആകെ Amount Payable 222030/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, ടി മാസം 219188രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്.എന്നാൽ7/2/11 മുതൽ 11/12/11 വരെ KWA യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ

ടാപ്പുകളുടെ എണ്ണം 470 ആയി കുറഞ്ഞിട്ടുണ്ട്. ബില്ലുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് KWA യ്ക്ക് പല തവണ കത്തു നൽകിയെങ്കിലും, നടപടി ഒന്നും ഉണ്ടായില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്,

## 1-24 കന്നുക്കുട്ടി പരിപാലന പദ്ധതി- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 875000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ -15/21- കന്നുക്കുട്ടി പരിപാലന പദ്ധതി

അടങ്കൽ - 1750000/-

ചെലവ് - 875000/-

ബിൽ നമ്പർ - 04/29.09.2020

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.2 (6) പ്രകാരം മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുക്കുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുക്കുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കേണ്ടതാണ്. അപ്രകാരമാണോ ഗുണഭോക്താക്കളെ തെരഞ്ഞടുത്തത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. കന്നുക്കുട്ടി ജനന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ, പ്രോജക്ടിൽ 70 ഗുണഭോക്താക്കൾക്ക് 12,500/- രൂപ ക്രമത്തിൽ വികസന ഫണ്ടിൽ നിന്നും 8,75,000/- രൂപ തിരുവനന്തപുരം S.L.B.P ഡപ്യൂട്ടി ഡയറക്ടർക്ക് നൽകിയിരുന്നു. പ്രസ്തുത തുകയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/ 15.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 8,75,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-25 MLAഫണ്ടിൽ നിന്ന് അനുവദിച്ചു കിട്ടിയ ആംബുലൻസ്,അസറ്റു രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കുടുംബ ആരോഗ്യ കേന്ദ്രത്തിന് MLAഫണ്ടിൽ നിന്ന് അനുവദിച്ചു കിട്ടിയ ആംബുലൻസിന്റെ ദൈനംദിന പരിപാലനത്തിന്റെ വിശദാംശം ജില്ലാ മെഡിക്കൽ ഓഫീസറുമായി ആശയവിനിമയം നടത്തി, തിരുമാനിക്കാൻ 12/2/21 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.എന്നാൽ ടി വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ജില്ലാ മെഡിക്കൽ ഓഫീസറുമായി ഉചിതമായ കരാർ വച്ച്, ടി വാഹനം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ശേഷം, ആംബുലൻസിന്റെ ദൈനംദിന പരിപാലനം ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്.

## 1-26 ഭവനപുനരുദ്ധാരണം- അപാകത പരിഹരിക്കേണ്ടതുണ്ട്

ഭവനപുനരുദ്ധാരണത്തിനായി തൻവർഷം വി.ഇ.ഒ. സർക്കിൾ-I നിർവ്വഹണോദ്യോഗസ്ഥനായി 2 പ്രോജക്ടുകളും, വി.ഇ.ഒ. സർക്കിൾ-II നിർവ്വഹണോദ്യോഗസ്ഥനായി 3 പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | നിർവ്വഹണം |
|---|---|---|---|---|
| 1 | 43/21 (ഭവനപുനരുദ്ധാരണം-എസ്.സി.പി) | 6000000 | 4447579 | വി.ഇ.ഒ സർക്കിൾ-I |
| 2 | 160/21 (ഭവനപുനരുദ്ധാരണം-എസ്.സി.പി)) | 1875000 | 1875000 | |
| 3 | 11/21 (ഭവനപുനരുദ്ധാരണം- ജനറൽ) | 4000000 | 3985000 | വി.ഇ.ഒ സർക്കിൾ-II |
| 4 | 191/21 (ഭവനപുനരുദ്ധാരണം- എസ്.സി.പി) | 440000 | 335000 | |
| 5 | 238 (ന്യൂലൈഫ് ഇടവിളാകം ലക്ഷംവീട് കോളനി സമഗ്രവികസനം (എസ്.സി.പി)) | 2400000 | 560000 | |

മേൽ പ്രോജക്ടുകളിൽ ഭവനപുനരുദ്ധാരണ പ്രവൃത്തികൾക്കായി ഗുണഭോക്താക്കൾക്ക് നൽകുന്ന തുക കൃത്യമായി

രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് കൃത്യമായാണോ തുക നൽകിയതെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7,8) ലഭ്യമാക്കിയ മറുപടി പ്രകാരം വി.ഇ.ഒ. സർക്കിൾ II നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണ പ്രവൃത്തികളുടെ എല്ലാഗുണഭോക്താക്കളും നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വി.ഇ.ഒ. സർക്കിൾ I നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 43/21 ലെ ഗുണഭോക്താവായ ശ്രീ.അനിൽകുമാർ 75000/- രൂപ കൈപ്പറ്റിയെങ്കിലും പുനരുദ്ധാരണത്തിന് ശ്രമിച്ചപ്പോൾ വീട് പൊളിഞ്ഞുപോയതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും, ഭവനനിർമ്മാണം നടക്കുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി.

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിനെകൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും, രജിസ്റ്റർ കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 ജലജീവൻ കുടിവെള്ള പദ്ധതി- അപാകതകൾ

പ്രോജക്ട് നം. - 235/21(ജലജീവൻ പദ്ധതി)

നിർവ്വഹണം - വി.ഇ.ഒ സർക്കിൾ

അടങ്കൽ - 5605298/- (862000(വി.ഫ(പൊ.വി), 2326850 (തനത് ഫണ്ട്),

2000356/- (ഗു.വി), 416120(വി.ഫ(ധനകാര്യകമ്മീഷൻ അവാർഡ്))

ചെലവ് - 448034/- (ബിൽ നം. 9/30.3.21- 416120/-, 13/30.3.21- 31914/-)

ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷൻ ഇല്ലാത്ത എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകുക, എസ്റ്റിമേറ്റ് തുകയുടെ 15% ഗ്രാമപഞ്ചായത്ത് വഹിക്കുക, 10% ഗുണഭോക്താവ് ഗുണഭോക്തൃവിഹിതമായി ഗ്രാമപഞ്ചായത്തിൽ അടവാക്കുക എന്നിവയാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിക്കായി 448034/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 1893 ഗുണഭോക്താക്കളിൽ നിന്ന് 1279/- രൂപ വീതം ആകെ 2421147/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട് (2020-21 സാമ്പത്തികവർഷം വരെ). എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.

2. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

3. പ്രോജക്ടിന്റെ Detailed Project Report വാട്ടർ അതോറിറ്റി നൽകിയിട്ടില്ല

4. നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

5. വാട്ടർ അതോറിറ്റിയിൽ അടച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിട്ടില്ലായെന്നും, പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിന് ഗുണഭോക്തൃ വിഹിതം വിനിയോഗിക്കേണ്ടതാണെന്നിരിക്കെ ആയത് ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.8). അപാകത പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 കിണർ റീചാർജിംഗ്- ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നം. - 149/21(കിണർ റീചാർജിംഗ്- ജനറൽ)

അടങ്കൽ - 333040/- (180000(വി.ഫ-ജനറൽ), 41040/-(തനത്ഫണ്ട്),72000/-(ബ്ലോക്ക് വിഹിതം))

ചെലവ് - 165600/-(ബിൽ നം. 33/29.3.21-28800/-, 2/19.5.2020-27360/-,13/13.11.2020-41040/-, 68400/- രൂപയുടെ ചെലവ് വിവരം
ലഭ്യമാക്കിയില്ല. മുൻവർഷത്തെ ചെലവാണെന്നാണ് വിശദീകരണം നൽകിയത്)

നിർവ്വഹണം - കൃഷി ഓഫീസർ

കിണർ റീചാർജിംഗ് എന്ന പ്രോജക്ട് പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് തുക അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം 165600/- രൂപയാണ് തൻവർഷത്തെ പ്രോജക്ട് ചെലവ് എന്നാൽ 97200/- രൂപയുടെ ബില്ല് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. മുൻവർഷത്തെ ചെലവ് 68400/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടതിനാലാണ് വ്യത്യാസം വന്നതെന്ന് ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി നൽകി.

സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 പ്രകാരം കിണർറീചാർജിംഗിന് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി നിരക്ക് 8000/- രൂപയാണ്. പ്രോജക്ട് പ്രകാരം 23 കർഷകർക്ക് 14000/- രൂപ വീതം ധനസഹായം നൽകിയിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ അപേക്ഷമാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. എസ്റ്റിമേറ്റ്, വാല്യുവേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ ഗുണഭോക്താക്കൾ പ്രവൃത്തി നടപ്പാക്കിയെന്നത് വ്യക്തമല്ല.

ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും, പ്രോജക്ടിന്റെ ആകെ ചെലവ് രേഖകൾ പരിശോധനയക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 കാർഷികാമേഖലാ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല. ഭൂരിഭാഗം പ്രോജക്ടുകളിലും പ്രോജക്ട് കോപ്പി ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം വ്യക്തമായിട്ടില്ല. കൂടാതെ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഒരു പ്രോജക്ടിലും വാങ്ങുന്ന സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്തൃവിഹിതം പിരിച്ചതിന്റേയും, ചെലവഴിച്ചതിന്റേയും വിവരം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല. വിവിധ പ്രോജക്ട് നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1. സമഗ്ര നെൽകൃഷി വികസനം- അപാകതപരിഹരിക്കേണ്ടതാണ്

പ്രോജക്ട് നം. - 56/21 (സമഗ്ര നെൽകൃഷി വികസനം)

അടങ്കൽ - 450300/-

ചെലവ് - 320600/-(ബിൽ നം. 10/5.11.2020-212200/-, 11/5.11.210- 51000/-, 22/30.1.2021- 51000/-

ചെക്ക് നം. 5997618/18.12.2020- 6400/-)

പ്രോജക്ട് പ്രകാരം കർഷകർക്ക് നെൽവിത്ത്, ജൈവവളം, കൂലിചെലവ് നൽകൽ എന്നിവയ്ക്കാണ് തുക വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജൈവവളം വാങ്ങിയതിന് പ്രോജക്ട് പ്രകാരം 185000/- രൂപ RAIDCO യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ KAICO യിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയിസാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്(ബില്ല് ഹാജരാക്കിയിട്ടില്ല). KAICO യിൽ നിന്ന് സാധനം വാങ്ങിയതിന് RAIDCO യ്ക്ക് തുക മാറി നൽകുകയും ഇതിൽ 178600/- രൂപ തിരികെ ഈടാക്കി KAICO യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിനത്തിൽ 18.12.2020 ന് RAIDCO യ്ക്ക് നൽകിയ 6400/- രൂപ തിരികെ ലഭിച്ചിട്ടില്ല.
2. 33600/- രൂപ Kerala State Seed Developement Authority യ്ക്കും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള 50400/- രൂപയുടെ ബില്ലാണ് സൂക്ഷിച്ചിട്ടുള്ളത്.
3. പ്രോജക്ട് പ്രകാരം 8223.30 Kg വേപ്പിൻപിണ്ണാക്ക്, 1200 Kg നെൽവിത്ത് എന്നിവയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ 5167 Kg വേപ്പിൻപിണ്ണാക്ക് രണ്ട് പാടശേഖരസമിതികൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ.

ഒറിജിനൽ ബില്ലിനുവേണ്ടി KAICO യ്ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും, RAIDCO യ്ക്ക് മാറി നൽകിയ 178600/- രൂപ തിരികെ ഈടാക്കി KAICO യ്ക്ക് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി നം. 25). മേൽ പരാമർശിച്ച എല്ലാ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതും, RAIDCO യ്ക്ക് നൽകിയ 6400/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2. സമഗ്രതെങ്ങ്കൃഷി വികസം- രേഖകൾ കൃത്യമല്ല

പ്രോജക്ട് നം. - 159/21 (സമഗ്രതെങ്ങ്കൃഷി വികസം)

അടങ്കൽ - 533400/- (പ്രോജക്ട് കോപ്പി ലഭ്യമാക്കാത്തതിനാൽ അടങ്കൽ വ്യക്തമല്ല.

സുലേഖ ചെലവുപത്രിക പ്രകാരം വകയിരുത്തിയ തുകയാണ് ചേർത്തിട്ടുള്ളത്)

ചെലവ് - 281132/-(260832/-(വി.ഫ-പൊ.വി), 20300/- (ഗുണഭോക്തൃവിഹിതം))

ബിൽ നം.23/31.1.20201- 18000/-, 9/20.10.2020-182000/-, 81132/-

81132/- രൂപയുടെ ചെലവ് വിവരം ലഭ്യമായിട്ടില്ല.

പ്രോജക്ട് ബിൽ പരിശോധിച്ചതിൽ വിവിധ നിരക്കിൽ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 281132/- രൂപയാണ്. എന്നാൽ 200000/- രൂപയുടെ ചെലവ് വിവരം മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. പ്രോജക്ട് കോപ്പി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് ലക്ഷ്യം

എന്താണെന്ന് വ്യക്തമായിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 32). 81132/- രൂപയുടെ ചെലവ് വിവരങ്ങളും മറ്റ് അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

3. സുഭിക്ഷകേരളം- പച്ചക്കറി കൃഷി ഗ്രോബാഗ്- തുക അധികം ചെലവഴിച്ചു

പ്രോജക്റ്റ് നം. - 209/21 (സുഭിക്ഷകേരളം- പച്ചക്കറി കൃഷി ഗ്രോബാഗ്)

അടങ്കൽ - 1432000/- (574000/- (വി.ഫ-ജനറൽ), 500000/- (തനത്ഫണ്ട്),

358000/- (ഗുണ.വിഹിതം- സ്ഥാപനത്തിൽ അടയ്ക്കുന്നത്))

ചെലവ് - 850000/- (ബിൽ നം. 26/4.3.2021- 100838/-, 27/4.3.2021- 150000/-, ചെക്ക് നം. 5997673/30.3.21-250000/-, 5997652/12.3.21-299162/-, 5997616/17.1.2020-50000/-)

കർഷകർക്കായി 716 യൂണിറ്റ് ഗ്രോബാഗ് നൽകുക, ഒരു യൂണിറ്റിൽ 25 തൈ നിറച്ച ബാഗുകളിൽ തൈ നട്ടത് നൽകുക എന്നതാണ് ലക്ഷ്യം. പ്രോജക്റ്റ് പ്രകാരം ഗ്രോബാഗ് വാങ്ങിയതിന് KAICO യ്ക്ക് 200000/- രൂപ, കഴക്കൂട്ടം ആഗ്രോസർവ്വീസ് സെന്ററിന് 650000/- രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ട്. എന്നാൽ കഴക്കൂട്ടം ആഗ്രോസർവ്വീസ് സെന്ററിൽ നിന്ന് 400000/- രൂപയുടെ ഇൻവോയിസാണ് സൂക്ഷിച്ചിട്ടുള്ളത്(ബില്ല് ലഭ്യമാക്കിയിട്ടില്ല). എന്നാൽ 650000/- രൂപ സ്ഥാപനത്തിന് നൽകിയിരിക്കുന്നു.

മേൽപ്രകാരം തുക അധികം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

4.സമഗ്രപുരയിടകൃഷി കിഴങ്ങ് വർഗ്ഗം- ചെലവിന് വ്യക്തതയില്ല

പ്രോജക്റ്റ് നം. - 100/21 (സമഗ്രപുരയിടകൃഷി കിഴങ്ങ് വർഗ്ഗം)

അടങ്കൽ - 460000/-(400000/- വിഫ.-പൊ.വി), 60000/- (ഗു.വിഹിതം))

ചെലവ് - 280000/- (ബിൽ നം. 31/29.3.21- 240000/-, ചെക്ക് നം.5997673/30.3.21-40000/-)

മംഗലപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2000 സെന്റ് സ്ഥലത്ത് അധികമായി കിഴങ്ങ് കൃഷി ആരംഭിക്കുക എന്ന് ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം ട്യൂബർ കിറ്റ് വാങ്ങിയതിന് 240000/- രൂപ VFPCK Thalir, 40000/- രൂപ VFPCK Krishi Kendra എന്നിങ്ങനെ നൽകിയിട്ടുണ്ട്. എന്നാൽ VFPCK Thalir ൽ നിന്നുള്ള ചെലവ് രേഖകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. VFPCK Krishi Kendra യ്ക്ക് തുക നൽകിയത് എന്ത് ആവശ്യത്തിലേക്കാണെന്ന് വ്യക്തമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല(നം. 32) .

5. ജൈവസമൃദ്ധി പച്ചക്കറികൃഷി- കുടുംബശ്രീ- ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. - 250/21 (ജൈവസമൃദ്ധി പച്ചക്കറികൃഷി- കുടുംബശ്രീ)

അടങ്കൽ - 306250/- (250000/-(വി.ഫ-പൊ.വി), 6250/- (ഗുണഭോക്തൃവിഹിതം- സ്ഥാപനത്തിൽ അടയ്ക്കുന്നത്), 50000/-( ഗുണഭോക്തൃവിഹിതം- നേരിട്ട് ചെലവഴിക്കുന്നത്))

ചെലവ് - 256250/- (ബിൽ നം.3/4.9.2020- 13750/-, 4/4.11.2020-236250/-, ഗു.വി. 6250/- ചെക്ക് നം. ലഭ്യമായില്ല)

പ്രോജക്റ്റ് ഫയലിന്റെ കോപ്പി ലഭ്യമാക്കാത്തതിനാൽ പ്രോജക്റ്റ് ലക്ഷ്യം വ്യക്തമല്ല. പ്രോജക്റ്റ് പ്രകാരം 13750/- രൂപ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുകയും, 236250/-രൂപ പച്ചക്കറി തൈ, വിത്ത് എന്നിവ വാങ്ങിയതിന് RAIDCO യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം 6250/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ വിത്തും, തൈയും വിതരണം നടത്തിയതിന്റെ വിവരവും സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(നം.32). അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-30 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി,"പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പ്രോജക്റ്റ് നം.(13/20) പ്രകാരം പത്തൊൻപത് വിദ്യാർഥികൾക്ക് 120 സ്ക്വയർ ഫീറ്റിൽ പരിമിതപ്പെടുത്തി, പഠന മുറി നിർമ്മിക്കാൻ സഹായധനം അനുവദിച്ചിട്ടുണ്ട്.നിലവിൽ 800 സ്ക്വയർ ഫീറ്റിൽ കവിയാത്ത വീടുള്ളവർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.എന്നാൽ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകളോടൊപ്പം,നിലവിലെ വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും ആയതിൽ കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. നന്ദന.B.S ,കാട്ടുവിള പുത്തൻവീട്, മുല്ലശ്ശേരി എന്ന വിദ്യാർത്ഥിയുടെ വീടിന്റെ വിസ്തീർണ്ണം (നം.MP-XVIII/428),1183(110m2)സ്ക്വയർ ഫീറ്റ് എന്നാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ടി രേഖപ്പെടുത്തൽ തെറ്റാണ്

എന്നും,എല്ലാ ഗുണഭോക്താക്കളുടെയും കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം നേരിട്ട് ബോധ്യപ്പെട്ട ശേഷമാണ് ആനുകൂല്യം നൽകിയത് എന്നും,ഓഡിറ്റ് എൻക്വയറിക്ക് (നം.12)ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ,വീടിന് കൂട്ടിച്ചേർക്കൽ വരുത്തുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വിധം ഉള്ള പെർമിറ്റ് എടുക്കുകയോ ,പണിപൂർത്തിയായ ശേഷം വീടിന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിഷ്കരിക്കുകയോ,നികുതി പുതുക്കി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.ഭാവിയിൽ ഈ അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.12)ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകി വീടിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുമ്പോൾ പോലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ല എന്നത് ഗുരുതര വീഴ്ചയാണ്.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-31 മൃഗാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്റ്റ് നമ്പർ : 14/21- മൃഗാശുപത്രിയ്ക്ക് മരുന്ന വാങ്ങൽ

അടങ്കൽ- 199999/-

ചെലവ്- 199999/-

ബിൽ നമ്പർ- 11/13.03.2021

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രസ്തുത പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഇൻവോയ്സ് നമ്പർ 4739/ 01.03.2021 പ്രകാരം നീതി മെഡിക്കൽസിൽ നിന്നും 100000/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമാക്കിയ MINOTAS XL BLS എന്ന മരുന്നിന്റെ എക്സ്പയറി 08/21 ആണ്. എന്നാൽ, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 28.02.2022 വരെ മരുന്ന് വിതരണം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ഇൻവോയ്സ് നമ്പർ 4738/ 01.03.2021 പ്രകാരം വാങ്ങിയ 99999/- രൂപയുടെ മരുന്നുകൾ വേങ്ങോട് വെറ്റിനറി ഡിസ്പെൻസറിയ്ക്ക് കൈമാറിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/ 15.06.2022) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-32 എ ബി സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 2,10,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ : 13/20 – എ ബി സി പ്രോഗ്രാം

അടങ്കൽ- 210000/-

ചെലവ്- 210000/-

ബിൽ നമ്പർ- 01/19.08.2020

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

നായ ഒന്നിന് 2100/- രൂപ നിരക്കിൽ 100 നായ്ക്കൾക്ക് 210000/- രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/ 15.06.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 2,10,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക ല ഭിച്ച ഫണ്ടിന്റെ വിശദാംശം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4211888 [877033 (മുന്നിരിപ്പ്)+ 3334855] | കിണർ റീച്ചാർജിംഗ് (ജനറൽ) | 27360 |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 51000 |
| | | | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 666375 |
| | | | മുരുക്കുംപുഴ, കുറക്കട മാർക്കറ്റ് നവീകരണം | 351120 |
| | | | ഊരൂക്കോണം- ലക്ഷംവീട് കോളനി സമഗ്ര വികസനം | 700000 |
| | | | ക്ഷീരസമൃദ്ധി (ജനറൽ) | 500000 |
| | | | സായൂജ്യം-പകൽവീട് പരിപാലനം | 58500 |
| | | | ആകെ | 2354355 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2880007 [298153 (മുന്നിരിപ്പ്)+ 2581854] | ഹരിതഭവന പദ്ധതി | 147000 |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 51000 |
| | | | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 124560 |
| | | | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 302250 |
| | | | ഊരൂക്കോണം- ലക്ഷംവീട് കോളനി സമഗ്ര വികസനം | 1400000 |
| | | | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 270318 |
| | | | ക്ഷീരസമൃദ്ധി (ജനറൽ) | 286726 |
| | | | ആകെ | 2581854 |

| വിഹിതം നൽകിയ സ്ഥാപനം | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 RP -7, RP30 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 298153 | 2581854 | 2880007 | 2581854 | 298153 | 125 |
| ബ്ലോക്ക് പഞ്ചായത്ത് | 877033 | 3334855 | 4211888 | 2354355 | 1857533 | 1579541 |

### 4-2 നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുന്നിരിപ്പ് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1738988 | 900000 | - | 2638987 |
| 2 | കെ എസ് ഇ ബി | ഇലക്ട്രിക് ലൈൻ നീട്ടൽ | 4007213 | 935038 | - | 4942250 |
| 3 | ANERT | - | 880000 | 0 | - | 880000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 4359542 | 1963398 | 1231215 | | 5091725 |

2018-19, 2019-20 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരം Secured Loans From Government Bodies And Associations (Head Code 330300101)എന്ന ഹെഡിൽ 675000 രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക എതിനത്തിലെ വായ്പയാണെന്ന് വിശദീകരിക്കുവാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 17/15.06.2022)

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| അവലോകന റിപ്പോർട്ട് | - | 2011-12 | 3-2-7, 3-2-9. 3-2-10, 3-2-11, 3-2-12, 3-2-13 | ആസ്തിരജിസ്റ്റർ, കണക്റ്റിവിറ്റി പ്ലാൻ, മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | - |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 30195581.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 128554352.20 |
| ആകെ | 158749933.20 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 126960451.00 |
| നീക്കിയിരിപ്പ് | 31789482.20 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1153400/- |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 53,000/- | 50000/-ശ്രീ.സുമേഷ്.എം.എസ്, വി.ഇ.ഒ-I |
| | | 3000/-ശ്രീ.സമീർ, വി.ഇ.ഒ-II |
| 1-19 | 15,400/- | ശ്രീ.സുമേഷ്.എം.എസ്, വി.ഇ.ഒ-I |
| 1-24 | 8,75,000/- | ശ്രീമതി സജ്ന.എസ്.ജെ, വെറ്റിനറി സർജൻ |
| 1-32 | 2,10,000/- | ശ്രീമതി സജ്ന.എസ്.ജെ, വെറ്റിനറി സർജൻ |
| ആകെ | 11,53,400/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളാ യവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗികമേൽവിലാസം | സ്ഥിരമേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ്.എം.എസ്, വി.ഇ.ഒ-I | വി ഇ ഒ, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | സുമേഷ് ഭവൻ, അരുവിയോട്, പാനായിയോട്, |
| ശ്രീ.സമീർ, വി.ഇ.ഒ-II | വി ഇ ഒ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | സജിന മൻസിൽ, ഉമ്പോട് |
| ശ്രീമതി സജ്ന.എസ്.ജെ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പോത്തൻകോട് ഗ്രാമപഞ്ചായത്ത് | വിളയിൽ, പട നോർത്ത്, കരുനാഗപ്പള്ളി, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(1)/08 | 3 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(2)/08 | 2 |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/537/04 തീയതി 04.07.2014 | 3 |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1953/05/04.07.14 | 2 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1792/07/04.07.14 | 3 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1793/07/04.07.14 | 3 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1755/06/04.07.14 | 1 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1454/10/04.07.14 | 5 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1273/10/04.07.14 | 11 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/127/12/04.07.14 | 10 |

| | | |
|---|---|---|
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി 04.06.2018 | 6 |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി04.06.2018 | 13 |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി04.06.2018 | 7 |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി 04.06.2018 | 7 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. തീയതി04.06.2018 | 6 |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.11/2033/2016. തീയതി 18.07.2018 | 1 |
| 2016-17 | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1662/2017 തീയതി19.09.2017 | 3 |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1906/2018 തീയതി 16.10.2019 | 12 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1058/2019 തീയതി 29.07.2020 | 26 |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1731/2021 തീയതി 04.03.2022 | 41 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്